# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2003 ഫെബ്രുവരി 18, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

45 (*177, *183)) തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. ബാബു ദിവാകരൻ) നൽകിയ മറുപടിയിൽ, തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തോട്ടം മേഖലകളിൽ ആരോഗ്യവകുപ്പ് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയുണ്ടായിയെന്നും ഈ മേഖലകളിലെ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ അനുവദിക്കുന്നതിനും ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും അടിയന്തിരമായി നിയമിക്കുന്നതിനും നടപടികൾ എടുത്തുവരുന്നുവെന്നും കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വകാര്യ ആശുപത്രികളെ പങ്കെടുപ്പിച്ചുകൊണ്ട് ആഴ്ചയിലൊരിക്കൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 28–10–2002–ൽ രണ്ടാഴ്ചത്തേയ്ക്കും 17–12–2002–ൽ ഒരു കുടുംബത്തിന് 10 കിലോ അരി വീതം രണ്ടാഴ്ചത്തേയ്ക്കും എസ്.ജി.ആർ.വൈ. സ്കീം വഴിയും സജന്യറേഷൻ അനുവദിക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കുടംബശ്രീ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്കായി ബുക്ക് ബയന്റിംഗ്, തയ്യൽ, ഐ.ടി. അറ്റ് സ്ക്കൂളിന്റെ ചില പദ്ധതികൾ, ടീ പാക്കിംഗ് തുടങ്ങിയ തൊഴിൽ സ്കീമുകൾ ആരംഭിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തേയില-കാപ്പി തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ഈ മേഖലയിലെ മറ്റു പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പു മന്ത്രി കൺവീനറും കൃഷി, റവന്യൂ, ധനകാര്യം, വിദ്യുച്ഛക്തി എന്നീ വകുപ്പു മന്ത്രിമാർ അംഗങ്ങളുമായി ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ച് 21-12-2002-ൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ലേബർ വെൽഫയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് സ്ക്കൂൾ ഗ്രാന്റ്, കുട്ടികൾക്കും രോഗബാധിതർക്കുള്ള സാമ്പത്തികസഹായം എന്നിവയ്ക്കായി 7.25 ലക്ഷം രൂപയുടെ അടിയന്തിര സഹായം ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ട്. എല്ലാ ഗ്രാറ്റുവിറ്റി-വർക്ക്മെൻ കോമ്പൻസേഷൻ കേസ്സുകളിലും അടിയന്തിര തീർപ്പു കൽപ്പിക്കാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ട്രഷറി നിയന്ത്രണത്തിൽ ഇളവു വരുത്തി അതിനുള്ള തുക നൽകുന്നതിന് ധനകാര്യ വകുപ്പ് ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മേഖലയുടെ അഭിവൃദ്ധിക്കുതകുന്ന പരിഹാര മാർഗ്ഗങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും നേടുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനും തൊഴിൽ വകുപ്പു മന്ത്രി കൺവീനറും ബന്ധപ്പെട്ട മറ്റു മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ മാർ, തൊഴിലാളി യൂണിയൻ പ്രതിനിധികൾ, എ.പി.കെ/യു.പി.എ.എസ്.ഐ. പ്രതിനിധികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ, കമ്മോഡിറ്റി ബോർഡുകൾ, സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി പ്രതിനിധികൾ എന്നിവർ അംഗങ്ങളായും ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ച് നടപടികളെടുത്തുവരുന്നു. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അവ പരിഹരിക്കുന്നതിനുമായി മന്ത്രിമാരുൾപ്പെടുന്ന ഒരു നിവേദക സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ച് നിവേദനം നൽകിയതിന്റെ ഫലമായി. ഫർഗൂസൻ കമ്മിറ്റി റിപ്പോർട്ടിലെ

വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തേയിലത്തോട്ടങ്ങളിൽ കുറെക്കാലമായി നിലനിൽക്കുന്ന പ്രതിസന്ധികൾ കാരണം ചിലപ്പോൾ തൊഴിലാളികൾക്ക് പ്രതിവാര വേതനവും കൂലിബാക്കിയും മറ്റും നൽകുന്നതിന് താമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികളുടെ ന്യായമായ കൂലിയും മറ്റ് അവകാശങ്ങളും നേടിക്കൊടുക്കുന്നതിന് തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ തൊഴിലാളി പ്രതിനിധികളും തോട്ടം ഉടമകളുമായി നിരന്തരം ചർച്ചകൾ നടത്തിവരികയാണ്. ഉദ്യോഗസ്ഥതലത്തിലുള്ള ചർച്ചകളിലൂടെ പരിഹരിക്കാൻ കഴിയാത്ത ഘട്ടങ്ങളിൽ തൊഴിൽ വകുപ്പു മന്ത്രി നേരിട്ട് ചർച്ചകൾ നടത്തുന്നതു കൂടാതെ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലും ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്. തൊഴിലാളികൾ സമരത്തിലേർപ്പെട്ട എല്ലാ തോട്ടങ്ങളിലും ഒത്തുതീർപ്പിനായുള്ള കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. തോട്ടങ്ങൾ ഉപേക്ഷിച്ചുപോയ മാനേജമെന്റുകളുടെ പേരിൽ സംസ്ഥാന ഗവൺമെന്റിന് സാദ്ധ്യമായ എല്ലാ നിയമനടപടികളും സ്വീകരിക്കുന്നുണ്ട്. പൊൻമുടി എസ്റ്റേറ്റിലെ തൊഴിലാളികളുടെ ആനുകൂല്യത്തിൽ കുറവു വരുത്താനുള്ള നടപടിക്കെതിരെ തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. കോടതി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മഹാവീർ എസ്റ്റേറ്റ് തൊഴിലാളികളുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റിസീവർ ഭരണത്തിലിരിക്കുന്ന കൊല്ലം ജില്ലയിലെ പ്രിയ എസ്റ്റേറ്റിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് സമർപ്പിച്ചിട്ടുള്ള അപ്പീലിൻമേൽ വിധി വന്നതിനുശേഷം ബന്ധപ്പെട്ടവരുമായി ചർച്ചചെയ്യുന്നതാണ്. തൃശ്ശൂർ ജില്ലയിലെ പാലപ്പിള്ളി എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തോട്ടം തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കുന്ന കാര്യം പി.എൽ.സി യാണ് ചർച്ച ചെയ്തു തീരുമാനിക്കുന്നത്. തൊഴിലാളികളുടെ ജീവിതസൗകര്യങ്ങളിലും ആരോഗ്യപരിപാലനത്തിലും മിനിമം സ്റ്റാന്റേർഡ് മെയിന്റയിൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മിനിമം വേജസ് നോട്ടിഫിക്കേഷൻ അനുസരിച്ച് യൂണിയനുകളാണ് ക്ലെയിം പെറ്റീഷൻ കൊടുക്കാൻ മുൻകയ്യെടുക്കേണ്ടത്. ഇതിന് ലീഗൽ എയിഡ് ആവശ്യമുണ്ടെങ്കിൽ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. റബ്ബർ തോട്ടം മേഖലയിൽ

തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. തോട്ടം മേഖലയിലെ ഇന്നത്തെ പ്രതിസന്ധി തരണം ചെയ്തതിനുശേഷം മാനേജ്മെന്റ് ബാങ്കുകളുമായി ചർച്ച ചെയ്ത് തോട്ടം മേഖലയിലെ പുനരുദ്ധാരണത്തിനും നവീകരണത്തിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതാണ്. തോട്ടം മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ പ്രതിസന്ധി കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയതിന്റെ ഫലമായി തെക്കേ ഇൻഡ്യൻ ബാങ്കുകളുമായി ഇടപെട്ട് തേയില, കാപ്പി എന്നിവയുടെ കാര്യത്തിൽ ചില ഉദാരമായ നിലപാട് സ്വീകരിക്കാൻ പ്രധാനമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സ്ഥിരമായി സൗജന്യ റേഷൻ കൊടുക്കാനും ഫുഡ് ഫോർ വർക്ക് സംപ്രദായം ഏർപ്പെടുത്താനും ആശുപത്രികളിൽ സ്ഥിരമായി ഡോക്ടർമാരെ കിട്ടുന്നില്ലെങ്കിൽ താൽക്കാലിക നിയമനം നടത്താനും നടപടി സ്വീകരിച്ചുകൊണ്ട് പ്രശ്നങ്ങൾക്ക് പരമാവധി പരിഹാരം കാണാനുമാണ് ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി സഭയെ അറിയിച്ചു. വളരെയധികം നഷ്ടത്തിലായതുകൊണ്ട് മൂന്നര മാസക്കാലത്തെ ശമ്പളം വേണ്ടെന്നു പ്ലാന്റേഷൻ കോർപ്പറേഷനിലെ എല്ലാ തൊഴിലാളിയൂണിയനുകളും എഴുതി ഒപ്പിട്ടു നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ആ കാലയളവിൽ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാതിരുന്നതെന്നും പ്രവർത്തനം മെച്ചപ്പെടുന്നതനുസരിച്ച് മറ്റാനുകൂല്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിനു മറുപടിയായി കൃഷിയും കയറും വകുപ്പുമന്ത്രി വെളിപ്പെടുത്തി. തോട്ടം മേഖലയിലെ ഇന്നത്തെ പ്രതിസന്ധി തരണം ചെയ്തതിനുശേഷം തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ കാര്യങ്ങൾ കറന്റാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യ കർത്താവ് ഹാജരാകാതിരുന്നതിനാൽ 178-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യം ഉന്നയിക്കപ്പെട്ടില്ല)

46 (*179) <u>സ്വാശ്രയ സഹകരണ ബിൽ</u>

സഹകരണ വകുപ്പു മന്ത്രി (ശ്രീ. എം.വി. രാഘവൻ) നൽകിയ മറുപടിയിൽ, സഹകരണ വകുപ്പു തയ്യാറാക്കിയ സ്വാശ്രയ സഹകരണ ബില്ല് നിയമമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സഹകരണ സംഘങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകി സർക്കാരിന്റെ നിയന്ത്രണം ലഘൂകരിച്ച് പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് നിയമം പാസ്സാക്കണമെന്ന ബ്രഹ്മപ്രകാശ് കമ്മിറ്റി, രാമകൃഷ്ണായ കമ്മിറ്റി എന്നിവയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കർണ്ണാടക, ആന്ധ്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ നിയമം ഇതിനകം നടപ്പിലാക്കിയതിന്റെ വെളിച്ചത്തിലാണ് കേരളത്തിലും കൊണ്ടുവരുന്നത്. ഇതു മൂലം സർക്കാരിന്റെ അമിതമായ നിയന്ത്രണങ്ങളും വ്യവസ്ഥകളും കാരണം സംഘങ്ങളുടെ പ്രവർത്തനങ്ങളിലുണ്ടാകുന്ന തടസ്സം പരിഹരിക്കപ്പെടുന്നതോടൊപ്പം പഴയ നിയമം അതേപടി നിലനിൽക്കുകയും ചെയ്യുന്നതാണ്. പഴയ നിയമത്തിന്റേയും പുതിയ നിയമത്തിന്റേയും അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ പലിശ നിരക്ക് ഏകീകരിക്കാവുന്നതാണ്. പ്രസ്തുത നിയമം പാസ്സാക്കുന്നതിനു മുമ്പ് ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്യുന്നതാണ്. നിലവിലുള്ള സഹകരണ നിയമത്തെ പരിരക്ഷിച്ചുകൊണ്ട് രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശമെന്നും സംഘങ്ങളുടെ പ്രവർത്തന പരിധിയെ സംബന്ധിച്ച് ബില്ലിന്റെ ചർച്ചാവേളയിൽ പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

47(*180) <u>പാരലൽ സർവ്വീസുകൾ തടയുന്നതിന് നടപടി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പാരലൽ സർവ്വീസുകൾ തടയുന്നതു മൂലമുണ്ടാകുന്ന യാത്രാക്ലേശം

ഓടിക്കുവാൻ നടപടികളെടുത്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പാരലൽ സർവ്വീസ് നടത്തുന്നവർ കെ.എസ്.ആർ.ടി.സി. ബസ്സുകളെ ആക്രമിച്ച സംഭവങ്ങളിൽ പി.ഡി.പി.പി. ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നതിന് പോലീസ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 20–1–2003–ൽ തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനതിർത്തിയിൽപെട്ട വെമ്പായത്തുവച്ച് കെ.എസ്.ആർ.ടി.സി. ബസ്സിനെ പാരലൽ സർവീസ് നടത്തുന്നവരിൽ ചിലര് ആക്രമിച്ച് ഉദ്ദേശം 500 രൂപയുടെ നഷ്ടം വരുത്തിയതിന് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ഒരാളെ അറസ്റ്റു ചെയ്ത് കേസ്സന്വേഷണം തുടർന്നുവരികയും ചെയ്യുന്നു. പോലീസിന്റെ ഭാഗത്തുനിന്നും തൃപ്തികരമായ നടപടികളുണ്ടായിട്ടുണ്ട്.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

48 (*181)) <u>സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എല്ലാ വായ്പാ സഹകരണ സംഘങ്ങളുടേയും അപ്പക്സ്/കേന്ദ്ര/ഫെഡറൽ സംഘങ്ങളുടേയും ഭരണസമിതി തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിന്റെ മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും നിർവഹിക്കാൻ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുക, നോമിനേഷൻ സൂക്ഷ്മപരിശോധന നടത്തുക, സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക, വോട്ടെണ്ണലിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക, തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുക തുടങ്ങിയ ജോലികൾ ബന്ധപ്പെട്ട ഭരണ വകുപ്പ് നിർവ്വഹിക്കുന്നു. മറ്റെല്ലാ സഹകരണ സംഘങ്ങളുടെയും ഭരണസമിതി തെരഞ്ഞെടുപ്പു സംബന്ധിച്ച നടത്തിപ്പും നിയന്ത്രണങ്ങളും ഉൾപ്പെടെയുള്ള എല്ലാ ജോലികളും ബന്ധപ്പെട്ട ഭരണ വകുപ്പിലെ ജീവനക്കാരാണ് നിർവ്വഹിക്കുന്നത്.

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ബി.ഒ.ടി. അടിസ്ഥാനത്തിൽ വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുവാൻ സർക്കാർ നയപരമായി തീരുമാനിച്ചിട്ടുണ്ടെന്നും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടന്റുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിച്ചത് പരിശോധിച്ചു വരികയാണെന്നും അറിയിച്ചു.

50 (*194) <u>ഐ.ടി.ഐ. കൾ</u>

തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ 32 ഐ.ടി.ഐ. കളിൽ 10 ഐ.ടി.ഐ. കളിൽ എല്ലാ ട്രേഡുകൾക്കും 17 ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക് ഭാഗികമായും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി.)ന്റെ അഫിലിയേഷനുണ്ടെന്ന് അറിയിച്ചു. 5 ഐ.ടി.ഐ. കളിലെ ഒരു ട്രേഡിനും ഇതുവരെ അഫിലിയേഷൻ ലഭിക്കാത്തത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻ.സി.വി.റ്റി./ഡി.ജി.ഇ.റ്റി. അനുശാസിക്കുന്ന കെട്ടിടങ്ങൾ ഇല്ലാത്തതും സ്ഥല സൗകര്യത്തിന്റെ അപര്യാപ്തതയയും യന്ത്രോപകരണങ്ങളുടെ കുറവും ത്രീഫേസ് വൈദ്യുതി കണക്ഷന്റെ കുറവും മൂലമാണ്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

53 (972) <u>കശുവണ്ടി സംഭരണം</u>

കശുവണ്ടി വികസന കോർപ്പറേഷൻ 2001–2002 –ൽ സംസ്ഥാനത്തിനകത്തുനിന്ന് 1163 മെ.ടണ്ണും സംസ്ഥാനത്തിനു പുറത്തു നിന്ന് 636 മെ. ടണ്ണും തോട്ടണ്ടി സംഭരിച്ചു. കാപ്പക്സ് 2002–2003 വർഷത്തിൽ 400 മെ. ടൺ നാടൻ തോട്ടണ്ടി വാങ്ങുകയും 500 മെ. ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുകയും ചെയ്തു.

54 (985) <u>കയറ്റുമതി വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

സംസ്ഥാനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ഡവലപ്പിംഗ് എക്സ്പോർട്ട് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് അലൈഡ് ആക്ടിവിറ്റീസ് (എ.എസ്.ഐ.ഡി.ഇ.) എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനങ്ങളെ കയറ്റുമതി വർദ്ധിപ്പിക്കാനുള്ള സംരംഭങ്ങളിൽ പൂർണ്ണമായും ഭാഗഭാക്കാക്കുകയും അതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസിയായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് നിയമിച്ചിരിക്കുന്നത്.

55 (1019) <u>അമ്മത്തൊട്ടിലുകൾ</u>

സംസ്ഥാന ശിശുക്ഷേമ സമിതി സംസ്ഥാനത്ത് സ്ഥാപിച്ച ഇലക്ട്രോണിക് അമ്മ തൊട്ടിലിൽ നാളിതുവരെ 5 കുട്ടികളെ കിട്ടിയിട്ടുണ്ട്.

56 (1046) <u>അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ</u>

സംസ്ഥാനത്ത് 112 കശുവണ്ടി ഫാക്ടറികൾ (പൊതുമേഖല – 34, സ്വകാര്യ മേഖല –78) അടഞ്ഞുകിടക്കുന്നതുമൂലം 40000–ത്തോളം തൊഴിലാളികൾ തൊഴിൽരഹിതരായിട്ടുണ്ട്.

57 (1050) <u>പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിൽത്തർക്കങ്ങൾ</u>

കഴിഞ്ഞ 20 മാസങ്ങൾക്കിടയിൽ സംസ്ഥാനത്തുണ്ടായ 8455 തൊഴിൽത്തർക്കങ്ങളിൽ 1124 തർക്കങ്ങൾ ബന്ധപ്പെട്ട കക്ഷികൾ നേരിൽ ചർച്ച ചെയ്തും 1876 തർക്കങ്ങൾ തൊഴിൽ മന്ത്രിയുടേയും മറ്റ് ഉദ്യോഗസ്ഥൻമാരുടേയും തലങ്ങളിൽ അനുരഞ്ജന ചർച്ചകൾ വഴിയും ഒത്തു തീർപ്പാക്കി. 634 തർക്കങ്ങൾ ലേബർ കോടതികളുടെ

പരിഗണനയ്ക്കായി അയയ്ക്കുകയും 2044 തർക്കങ്ങൾ പിൻവലിക്കുകയും ചെയ്തു. 2777 തർക്കങ്ങൾ നിലവിലുണ്ട്.

58 (1052) ഇ.എസ്.ഐ. ആശുപത്രികൾ

സംസ്ഥാനത്താകെ 13 ഇ.എസ്.ഐ. ആശുപത്രികളുള്ളതിൽ. കൊല്ലം ജില്ലയിലെ ആശ്രാമത്തുള്ള ഇ.എസ്.ഐ. ആശുപത്രിയെ മാതൃകാ ആശുപത്രിയാക്കിയിട്ടുണ്ട്.

59 (1070) കെ.എസ്.ആർ.ടി.സി. യുടെ ആഭിമുഖ്യത്തിൽ അദാലത്തുകൾ

കെ.എസ്.ആർ.ടി.സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയ അദാലത്തുകളിൽ കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെട്ട 1740 മോട്ടോർ വാഹന അപകട കേസുകൾ വിചാരണയ്ക്കെടുത്തതിൽ പരിഹാരം കണ്ടെത്തിയ 1722 കേസുകളിൽ നഷ്ടപരിഹാരമായി 4.5 കോടി രൂപ കൊടുത്തിട്ടുണ്ട്.

60 (1081) ബസ് ബോഡി നിർമ്മാണം

കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലെ അശോക് ലൈലാൻഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഇറിസാൽ–റ്റിവി–എസ് എന്ന കമ്പനിക്ക് 21 ബസുകളുടെ ലോഹ നിർമ്മിത ബോഡി നിർമ്മിക്കുന്നതിനായി 1,45,80,990 രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്.

......